# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം : 350 — 26.6.2012 ൽ മറുപടിയ്ക്ക്

## പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>,, എം.പി. അബ്ദുസ്സമദ് സമദാനി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ.എ. നെല്ലിക്കുന്ന് | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾക്ക് ഉദ്ദിഷ്ട ലക്ഷ്യം കൈവരിക്കാനാകാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധമായ കണ്ടെത്തലുകൾ വിശദമാക്കുമോ;

(എ) & (ബി) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾക്ക് (കാറ്റ്, ചെറുകിട ജലവൈദ്യുതപദ്ധതി) ഉദ്ദിഷ്ടലക്ഷ്യം കൈവരിക്കാനാവാത്തതിന്റെ പ്രധാന കാരണം ഭൂമി (സ്വകാര്യഭൂമി, റവന്യൂഭൂമി, വനഭൂമി) വിട്ടുകിട്ടാൻ വേണ്ടി വരുന്ന കാലതാമസമാണ്. പാരമ്പര്യേതര ഊർജ്ജ മേഖലയിൽ ഇന്നു കേരളം നേരിടുന്ന മറ്റ് പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, അതിന് അവശ്യം വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 13 ാം ധനകാര്യകമ്മീഷന്റെ സംസ്ഥാനതലകമ്മിറ്റി നിർദ്ദേശപ്രകാരം ഈ സർക്കാർ 28.12.2011 ൽ ജി.ഒ(എം.എസ്) 49/11/പി.ഡി പ്രകാരം ഒരു ഉന്നതതലകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

03.04.2002 ൽ സർക്കാർ പ്രഖ്യാപിച്ച പാരമ്പര്യേതര ഊർജ്ജ നയത്തിൽ കാലോചിതമായ പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുക, സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ രംഗത്ത് ഇപ്പോൾ നിലവിലുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച് വിശദമായ അവലോകനം നടത്തുക;

സൗരോർജ്ജ പദ്ധതികൾ, കാറ്റാടി പാടങ്ങൾ തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരളത്തിൽ ലഭ്യമായ സർക്കാർ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാ നിർദ്ദേശങ്ങൾ സമർപ്പിക്കുക;

കെ.എസ്.ഇ.ബി, അനെർട്ട്, ഇ.എം.സി എന്നീ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുക എന്നിവയാണ് ഈ കമ്മിറ്റിപഠന വിധേയമാക്കുന്ന വിഷയങ്ങൾ. ഇത് സംബന്ധിച്ച് കമ്മിറ്റി സമർപ്പിക്കുന്ന

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദന പദ്ധതികൾക്ക് ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കാനാകുമെന്ന് സർക്കാർ കരുതുന്നു.

| | | | |
|---|---|---|---|
| (സി) | പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കാൻ ഉദ്ദേശിച്ച് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസി, അനെർട്ട് (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി), ആണ്. വിവിധ NGO കൾ ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരിൽ അനെർട്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഈ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പദ്ധതികളിൽ ഭാഗഭാക്കാകാൻ തയ്യാറാവുന്നവർക്ക് ശരിയായ പ്രോത്സാഹനം ലഭിക്കുന്നില്ലെന്നും, കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സിഡി ഗുണഭോക്താക്കൾക്ക് യഥാസമയം പരിശോധന നടത്തി വിതരണം ചെയ്യുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സിഡി ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് അനെർട്ട് ഉറപ്പു വരുത്തുന്നുണ്ട്. ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും അർഹമായ സബ്സിഡി നൽകുന്നതും കൃത്യവും സുതാര്യവുമായ നടപടിക്രമങ്ങളിലൂടെയാണ്. |
| (ഇ) | പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | (ഇ) | 13 ാം ധനകാര്യകമ്മീഷന്റെ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശപ്രകാരം സർക്കാർ 28.12.2011 ൽ ജി.ഒ(എം.എസ്) 49/11/പി.ഡി പ്രകാരം രൂപീകരിച്ച ഉന്നതതലകമ്മിറ്റി നിർദ്ദേശിക്കുന്നതനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്ന താണ്. |

സെക്ഷൻഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**